ആർട്ടിഫിഷ്യൽ റെയിൻ ഫാം

* 892. [5] ശ്രീ. എൻ. മാസ്റ്റരൻ നായർ : താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഴ ഇല്ലാതെ കൃഷികൾ നാശപ്പെടുന്ന അവസരത്തിൽ ആർട്ടിഫിഷ്യൽ റെയിൻ ഫാം ഉണ്ടാക്കുന്നതിനു് ഏതെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) : ഇല്ല.

ശ്രീ. എൻ. മാസ്റ്റരൻ നായർ : കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കാളേജിൽ ഇതിനുവേണ്ട പരീക്ഷണം നടത്തിയതു് ഫലപ്രദമായി വിജയിക്കുകയും നല്ല റിസൾട്ടു് ഉണ്ടാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ അഗ്രികൾച്ചറൽ കാളേജിലും ഇതേപ്പറ്റി പരീക്ഷണം നടത്തുന്നതിനു് വേണ്ട ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. ഈ. പി. പൗലോസു് : അവിടെ വിജയിക്കുകയാണെങ്കിൽ ഇങ്ങോട്ടു പകർത്തുന്നതിനു വിഷമമില്ലല്ലോ.

ടൂറിസം വികസിപ്പിക്കുന്നതിനു ചെലവാക്കിയ തുക

* 893. [6] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ ടൂറിസം വികസിപ്പിക്കുവാൻ നീക്കിവച്ച സംഖ്യ എത്ര ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര ഉറുപ്പിക ചെലവാക്കി ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) 7,95,000 രൂപ.

(ബി) 1964 ഫെബ്രുവരി അവസാനംവരെ ഓരോ പദ്ധതികൾക്കും ചെലവായ സംഖ്യയുടെ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. എം. നാരായണക്കുറുപ്പു് : 7 ലക്ഷം രൂപ നീക്കിവച്ചതിൽ മൂന്നു ലക്ഷത്തിൽ ചിലപ്പോൾ രൂപ മാത്രമേ ഇതുവരെയായി ചെലവാക്കിയിട്ടുള്ളു, അതിനു പുറമേ കോഴിക്കോടു് ടൂറിസ്റ്റു ഹൗസു് വികസിപ്പിക്കാൻവേണ്ടി ഒരു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നു മന്ത്രി പറഞ്ഞതാണു്. അതിൽ 639 രൂപമാത്രമേ ചെലവായിക്കാണുന്നുള്ളു. ഇത്രയും കുറയുവാനുള്ള കാരണം ഞെന്നു വ്യക്തമാക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അവിടത്തെ വർക്കു് തുടങ്ങിക്കഴിഞ്ഞിട്ടില്ല. അതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുകഴിഞ്ഞിട്ടുണ്ടു്. അടുത്തു തന്നെ ആ വർക്കു് തുടങ്ങാൻ സാധിക്കുമെന്നു ഗവണ്മെൻറു് പ്രതീക്ഷിക്കുന്നു.

പമ്പുസെറ്റു ഉപയോഗിച്ചു ജലസേചനം നടത്തുന്നവർ

* 894. [7] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പുസെറ്റു് ഉപയോഗിച്ചു ജലസേചനം നടത്തുന്നവർക്കു് ഇലക്ട്രിസിറ്റി ചാർജ്ജിൽ എന്തെങ്കിലും സബ്സിഡി ഗവണ്മെൻറിൽ നിന്നും കൊടുക്കുവാൻ പരിപാടിയുണ്ടോ ;

Appendix II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ;

(സി) ടി സബ്സിഡി വിതരണം ചെയ്തിട്ടുണ്ടോ ?

കൃഷ്യുവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ, ബി) പമ്പുസെറ്റു് ഉപയോഗിച്ചു ജലസേചനം നടത്തുന്ന കൃഷിക്കാർക്കു് ഇലക്ട്രിസിറ്റി ഉപയോഗിച്ചുകൊണ്ടു വരുന്ന ചെലവുകൂടി പരിഗണിച്ചു് പുഞ്ചകൃഷിക്കു് ഏക്കറൊന്നിനു് 5 രൂപയും മുണ്ടകൻ കൃഷിക്കു് ഏക്കറൊന്നിനു് 3 രൂപയും സബ്സിഡി കൊടുക്കാൻ ഗവണ്മെന്റു് ഉത്തരവായിട്ടുണ്ടു്.

(സി) ഇല്ല.

ശ്രീ. എം. സി. ഏബ്രഹാം : ഈ സബ്സിഡി വിതരണം ചെയ്യാതിരിക്കാൻ കാരണമെന്താണു് ?

ശ്രീ. ഈ. പി. പൗലോസു് : പമ്പുസെറ്റു് ഉപയോഗിച്ചതിന്റെ കണക്കും മറ്റു വിവരണങ്ങളുമൊക്കെ ശേഖരിച്ചു് അതു പരിശോധിക്കേണ്ടതായിട്ടുണ്ടു്. കഴിയുന്നതുംവേഗം അതു കൊടുക്കാൻവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവ : എന്നു മുതൽക്കാണു് ഈ സബ്സിഡി കൊടുക്കാൻ ഉത്തരവായതെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു് : സബ്സിഡി കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടു് ഏകദേശം ഒരു കൊല്ലമായി. അതു സംബന്ധിച്ചുള്ള ചട്ടങ്ങളുണ്ടാക്കി ഏതു ഹെഡ്ഡിൽ നിന്നാണു് പണം ചെലവാക്കേണ്ടതു് എന്നുള്ളതിനു തീരുമാനം എടുത്താൽ മാത്രം മതി.

ശ്രീ. ഈ. പി. ഗോപാലൻ: ഈ കൽപ്പന പാസ്സാക്കിയിട്ടുള്ളതു് ഇതിനു മുൻപു് പമ്പുസെറ്റുപയോഗിച്ചു് കൃഷി നടത്തിയിട്ടുള്ളവർക്കു മാത്രമാണോ, അതോ ഇനി അങ്ങോട്ടുള്ള കൊല്ലത്തിലും കൊടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഈ കൊല്ലം മുതൽ ആരിൽ നിന്നെല്ലാം അപേക്ഷ കിട്ടുന്നുവോ അതെല്ലാം പരിഗണിച്ചു് കൊടുക്കണമെന്നാണു ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു എന്നു പറഞ്ഞു. ഇതു ഇലക്ട്രിസിറ്റി ചാർജിന്റെ എത്ര ശതമാനം വരും ? ഇലക്ട്രിസിറ്റി ചാർജിന്റെ എത്ര ശതമാനം കൊടുക്കാനാണു് തീരുമാനിച്ചിട്ടുള്ളതു് എന്നുള്ളതിനെപ്പറ്റി വല്ല കണക്കും ഗവണ്മെന്റു് എടുത്തിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ആ കണ്ടപ്പോൾ വരുന്ന ചെലവിന്റെ ഏകദേശം ഒരു കണക്കു് എടുത്തിട്ടുണ്ടു്. കണക്കുകൂട്ടി നോക്കിയതിൽ തന്നെ ഗവണ്മെന്റിനു ലിഫ്റ്റു് ഇറിഗേഷനു് ഏകദേശം 60 രൂപയാണു് ചെലവു വരുന്നതു്. ഇപ്പോൾ കൊടുക്കുന്നതു തുച്ഛമായ ഒരു സംഖ്യ മാത്രമാണു്. ഉൽപ്പാദനം വർദ്ധിപ്പിക്കാൻവേണ്ടി നെൽകൃഷിക്കും മറ്റും പമ്പുസെറ്റു വാങ്ങിച്ചുപയോഗിക്കുന്നവർക്കു് അവരുടെ കൂടുതൽ ചെലവിന്റെ ഒരംശമെങ്കിലും കൊടുക്കണമെന്നുള്ള തത്വമനുസരിച്ചാണു ഈ സബ്സിഡി ഏർപ്പെടുത്തിയതു്.

ശ്രീ. എം. സി. ഏബ്രഹാം : എന്നു മുതൽക്കാണു് ഈ സബ്സിഡി കൊടുക്കാൻ ആർഡറായിട്ടുള്ളതു് ?

ശ്രീ. ഈ. പി. പൗലോസു് : ഈ കൊല്ലം മുതൽ കൊടുക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly